# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ജനുവരി 19

January 19

2020

1193 മകരം 5 ഞായർ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

## ബ്യൂറോ ചീഫുമാരുടെ ശ്രദ്ധയ്ക്ക്

*സംസ്ഥാന സർക്കാരിന്റെ സമ്പൂർണ പാർപ്പിട സുരക്ഷാപദ്ധതിയായ ലൈഫ് മിഷന്റെ ഒന്നും ര ും ഘട്ടത്തിന്റെ ഭാഗമായി പൂർത്തീകരിച്ച വീടുകളുടെ പ്രഖ്യാപനവും ഗുണഭോക്തൃ പ്രതിനിധികളുടെയും ജനപ്രതിനിധികളുടെയും സംഗമത്തിന്റെ ജില്ലാതല ഉദ്ഘാടനവും ഇന്ന്(20) ഉച്ചയ്ക്ക് 12ന് പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ വനം-ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ കെ.രാജു നിർവഹിക്കും. ഈ പരിപാടി കവർ ചെയ്യുന്നതിന് അങ്ങയുടെ സ്ഥാപനത്തിന്റെ പ്രതിനിധിയെ അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.*

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ*

**പാവപ്പെട്ട കുടുംബങ്ങളെ സംരക്ഷിക്കുക**
**ലക്ഷ്യം: ചിറ്റയം ഗോപകുമാർ എംഎൽഎ**

നിരാലംബരും നിർധനരുമായ പാവപ്പെട്ട കുടുംബങ്ങളെ സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ചിറ്റയം ഗോപകുമാർ എംഎൽഎ പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ സമ്പൂർണ ഭവന പദ്ധതിയായ ലൈഫ് മിഷൻ, പി.എം.എ.വൈ (ജി) ഭവന പദ്ധതി ഗുണഭോക്താക്കളുടെ അടൂർ നഗരസഭ കുടുംബ സംഗമം അടൂർ ഗവ. യു പി സ ്കൂളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരു കുടുംബത്തിന് എന്തെല്ലാം ആവശ്യമു ോ അതെല്ലാം നിറവേറ്റി കൊടുക്കുക എന്നത് സർക്കാരിന്റെ

കടമയാണ്. ഇത് നിറവേറ്റാൻ ഇച്ഛാ ശക്തിയുള്ള സർക്കാരാണ് അധികാരത്തിലുള്ളതെന്ന് അദ്ദേഹം പറഞ്ഞു.

സർക്കാർ അധികാരത്തിൽ വന്ന മൂന്നു വർഷ കാലയളവിനുള്ളിൽ വിപ്ലവകരമായ വികസനമാണ് നടപ്പാക്കിയിട്ടുള്ളത്. സർക്കാരിന്റെ നാല് മിഷനുകളിലൂടെ സമസ്ഥ മേഖലകളിലും മുന്നേറാൻ സാധിച്ചിട്ടു ്. ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആർദ്രം പദ്ധതിയുടെയും സഹായത്തോടെ പല പദ്ധതികളും ആവിഷ്കരിച്ചിട്ടു ്. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ അടൂരിൽ ആരംഭിക്കാനിരിക്കുന്ന ഓപ്പൺ ജിം ഇതിന് ഉദാഹരണമാണ്. 45000 ക്ലാസ് റൂമുകൾ ഹൈടെക് ആക്കി കേരളത്തിലെ വിദ്യാഭ്യാസ രംഗത്തിന് പുതിയ മുഖം നൽകി മുന്നേറാൻ സർക്കാരിന് സാധിച്ചിട്ടു ്. കൂടാതെ ഹരിത കേരള മിഷന്റെ പ്രവർത്തനത്തിന്റെയും സർക്കാരിന്റെ ഇച്ഛാശക്തിയുടെയും ഫലമായി ഒരു വർഷത്തിനുള്ളിൽ കേരളം കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

130 കുടുംബങ്ങൾക്കാണ് അടൂർ നഗരസഭയിൽ ലൈഫ് പദ്ധതിയിലൂടെ വീട് ലഭിച്ചത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാൻ സാധിക്കാത്ത മികച്ച നേട്ടമാണ് ഈ പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ കൈവരിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കുടുംബ സംഗമത്തോട് അനുബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ക്ഷേമ പദ്ധതികളും സേവനങ്ങളും നേരിട്ട് ലഭ്യമാക്കുന്നതിന് ഇരുപതോളം വകുപ്പുകളുടെ സ്റ്റാളുകൾ പ്രവർത്തിച്ചു. ഇതുവഴി നൂറു കണക്കിനാളുകൾക്ക് സേവനം ലഭിച്ചു.

നഗരസഭ ആക്ടിംഗ് ചെയർമാൻ ജി. പ്രസാദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ നഗരസഭ സെക്രട്ടറി ആർ.കെ ദീപേഷ് റിപ്പോർട്ട് അവതരിപ്പിച്ചു. നഗരസഭ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ എൻ.ഡി രാധാകൃഷ്ണൻ, ശോഭാ തോമസ്, റ്റി മധു, സൂസി ജോസഫ്, മുൻ ചെയർപേഴ്സൺ ഷൈനി ജോസ്, നഗരസഭ കൗൺസിലർമാർ, ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ സി.പി സുനിൽ, സിഡിഎസ് ചെയർപേഴ്സൺ അനു വസന്തൻ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

(പിഎൻപി 334/2020)

**അദാലത്തിൽ സേവനം ലഭ്യമാക്കി വകുപ്പുകൾ**

അടൂർ നഗരസഭയിലെ ലൈഫ് ഗുണഭോക്താക്കളുടെ കുടുംബ സംഗമത്തിൽ പങ്കെടുത്തവർക്കായി വിവിധ വകുപ്പുകൾ ഒരുക്കിയത് മികച്ച സേവനങ്ങൾ. സിവിൽ സപ്ലൈസ്, കൃഷി, സാമൂഹ്യ നീതി, കുടുംബശ്രീ, ഐ.ടി (അക്ഷയ കേന്ദ്രം), ഫിഷറീസ്, വ്യവ സായം, പട്ടികജാതി/പട്ടികവർഗം, ക്ഷീര വികസനം, ആരോഗ്യം, ശുചിത്വ മിഷൻ, വനിതാ ശിശു വികസനം, ഗ്രാമവികസനം ഉൾപ്പെടെയുള്ള വകുപ്പുകളുടെ സേവനം കുടുംബ സംഗമത്തിൽ ഒരുക്കിയിരുന്നു.

ശുചിത്വ മിഷൻ 20 രൂപ വിലമതിക്കുന്ന തുണി സഞ്ചിയും ശുചിത്വ കല റും സൗജന്യമായി വിതരണം ചെയ്തു. സിവിൽ സപ്ലൈസ് വകുപ്പ് റേഷൻ കാർഡിൽ പേര് ചേർക്കൽ, ഒഴിവാക്കൽ ഉൾപ്പെടെയുള്ള സേവനങ്ങൾ ഒരുക്കി. വിവിധ അപേക്ഷകൾ സ്വീകരിക്കൽ, മുഖ്യമന്ത്രിയുടെ ചികിൽസാ സഹായ പദ്ധതിയിലേക്കുള്ള അപേക്ഷ സ്വീകരിക്കൽ, വിവിധ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട തുടർ നടപടികൾ എന്നിവ റവന്യൂ വകുപ്പ് അദാലത്തിൽ ലഭ്യമാക്കി. ആധാറിലെ തെറ്റു തിരുത്തൽ ഉൾപ്പെടെ സേവനങ്ങൾ ഐ.ടി (അക്ഷയ) വകുപ്പ് ലഭ്യമാക്കി. അലങ്കാര മത്സ്യ കൃഷി, ജനകീയ മത്സ്യ കൃഷി തുടങ്ങിയ വിഷയങ്ങളിൽ ലഭിക്കുന്ന സേവനങ്ങൾ ഫിഷറീസ് വകുപ്പ് നൽകി. ഫിഷറീസ് വകുപ്പ് 40 ശതമാനം സബ്സിഡിയിൽ ലഭ്യമാക്കുന്ന വിവിധ പദ്ധതികളെകുറിച്ച് ബോധവൽക്കരണവും

നടത്തി. കുടുംബ സംഗമത്തിൽ 60 നഗരസഭ ജീവനക്കാരുടെയും നൂറോളം വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥരുടെയും സേവനം ലഭ്യമാക്കി. (പിഎൻപി 335/2020)

**ബോധവൽക്കരണവുമായി മൃഗസംരക്ഷണ വകുപ്പ്**

അടൂർ നഗരസഭയുടെ ലൈഫ് മിഷൻ കുടുംബ സംഗമത്തിൽ പങ്കെടുത്തവർക്കായി മൃഗസംരക്ഷണവകുപ്പിന്റെ ആഭിമുഖ്യത്തിൽ കോഴിവളർത്തലിലും പക്ഷി വളർത്തലിലും ശ്രദ്ധിക്കേ കാര്യങ്ങളെ കുറിച്ച് ഒരുക്കിയ മാതൃകാ പ്രദർശന യൂണിറ്റ് ബോധവൽക്കരണം ശ്രദ്ധേയമായി. മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാനത്തെ ഏക പക്ഷി രോഗ നിർണയ ലബോറട്ടറിയായ തിരുവല്ല മഞ്ഞാടിയിൽ പ്രവർത്തിക്കുന്ന ലാബാണ് പക്ഷി പരിപാലനത്തിൽ ശ്രദ്ധിക്കേ വിവരങ്ങളെ കുറിച്ച് വിവരണാത്മക പ്രദർശനം ഒരുക്കിയത്. കൂടാതെ പശുവളത്തൽ, ആട് വളർത്തൽ, മുട്ട കോഴി വളർത്തൽ എന്നിവയുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേ കാര്യങ്ങളെ കുറിച്ചുള്ള ലഘുലേഖ വിതരണവും ഒരുക്കിയിരുന്നു.

(പിഎൻപി 336/2020)

**റിപ്പബ്ലിക്ക് ദിനാചരണം: 25ന് ജില്ലയിൽ**
**വിപുലമായ ശുചീകരണയജ്ഞം**

റിപ്പബ്ലിക്ക് ദിനാചരണത്തോട് അനുബന്ധിച്ച് ഈ മാസം 25ന് ജില്ലയിൽ വിപുലമായ ശുചീകരണ യജ്ഞം നടത്താൻ അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് അലക്സ് പി. തോമസിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗം തീരുമാനിച്ചു.

പ്രധാന റോഡുകളുടെ പരിസരം വിവിധ സംഘടനകൾ, കുടുംബശ്രീ, സ്കൂൾ-കോളജ് വിദ്യാർഥികൾ, ദേശീയ തൊഴിലുറപ്പ് പ്രവർത്തകർ, വകുപ്പുകൾ എന്നിവരുടെ സഹകരണത്തോടെ ശുചീകരിക്കും. പഞ്ചായത്ത് തലത്തിൽ മുന്നൊരുക്കങ്ങൾ വിലയിരുത്താൻ ഇന്ന്(20) ഉച്ചകഴിഞ്ഞ് മൂന്നിന് യോഗം വിളിച്ചു ചേർക്കാൻ എഡിഎം നിർദേശം നൽകി. റോഡുകളുടെ ദൂരം കണക്കാക്കി എത്ര ആളുകളെ ഉൾപ്പെടുത്തി ശുചീകരിക്കുമെന്ന് പഞ്ചായത്ത് തലത്തിൽ നടക്കുന്ന യോഗത്തിൽ തീരുമാനമെടുക്കും. ഒറ്റതവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ നിയന്ത്രിക്കാൻ പഞ്ചായത്ത് അധികൃതർ കാര്യക്ഷമമായി ഇടപെടണമെന്നും എ.ഡി.എം നിർദേശിച്ചു.

യോഗത്തിൽ തിരുവല്ല സബ് കളക്ടർ വിനയ് ഗോയൽ, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെറി മാത്യു സാം, നാറാണംമൂഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോഹൻരാജ് ജേക്കബ്, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാം മോഹൻ, പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജി. പ്രസന്നകുമാരി, ചെറുകോൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വൽസമ്മ എബ്രഹാം, വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോസമ്മ സ്കറിയ, കവിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എലിസബത്ത് മാത്യു, പെരിങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനിമോൾ, കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റജി ചാക്കോ, ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 337/2020)

**സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ**

തിരുവല്ല എം ജി എം ഹൈസ്കൂൾ പരീക്ഷാ സെന്ററായി കെ-ടെറ്റ് പരീക്ഷ എഴുതി വിജയിച്ചവരുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ജനുവരി 22, 23, 24, 25 തീയതികളിൽ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നടക്കും. സർട്ടിഫിക്കറ്റുകളുടെയും അനുബന്ധരേഖകളുടെയും ഒറിജിനലും പകർപ്പും സഹിതം ഹാജരാകണം.

22ന് രജി. നമ്പർ 124163 - 229432, 23ന് രജി. നമ്പർ 229439 - 229612, 24ന് രജി. നമ്പർ 229615 - 329414, 25ന് രജി. നമ്പർ 329415 - 409883. കൂടുതൽ

വിവരങ്ങൾക്ക് 0469 – 2601349 എന്ന നമ്പരിൽ ബന്ധപ്പെടണമെന്ന് തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു. (പിഎൻപി 338/2020)

**ഫോട്ടോ അടിക്കുറിപ്പ്**

1) സംസ്ഥാന സർക്കാരിന്റെ സമ്പൂർണ ഭവന പദ്ധതിയായ ലൈഫ് മിഷൻ, പി.എം.എ.വൈ (ജി) ഭവന പദ്ധതി ഗുണഭോക്താക്കളുടെ അടൂർ നഗരസഭ കുടുംബ സംഗമം അടൂർ ഗവ. യു പി സ്കൂളിൽ ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

2) സംസ്ഥാന സർക്കാരിന്റെ സമ്പൂർണ ഭവന പദ്ധതിയായ ലൈഫ് മിഷൻ, പി.എം.എ.വൈ (ജി) ഭവന പദ്ധതി ഗുണഭോക്താക്കളുടെ അടൂർ നഗരസഭ കുടുംബ സംഗമം അടൂർ ഗവ. യു പി സ്കൂളിൽ ഉദ്ഘാടനം ചെയ്ത് ചിറ്റയം ഗോപകുമാർ എംഎൽ എ പ്രസംഗിക്കുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ജനുവരി 19<br>**January 19** | **2020** |
| --- | --- |

**1193 മകരം 5 ഞായർ**

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

## ബ്യൂറോ ചീഫുമാരുടെ ശ്രദ്ധയ്ക്ക്

***സംസ്ഥാന സർക്കാരിന്റെ സമ്പൂർണ പാർപ്പിട സുരക്ഷാപദ്ധതിയായ ലൈഫ് മിഷന്റെ ഒന്നും ര ും ഘട്ടത്തിന്റെ ഭാഗമായി പൂർത്തീകരിച്ച വീടുകളുടെ പ്രഖ്യാപനവും ഗുണഭോക്തൃ പ്രതിനിധികളുടെയും ജനപ്രതിനിധികളുടെയും സംഗമത്തിന്റെ ജില്ലാതല ഉദ്ഘാടനവും ഇന്ന്(20) ഉച്ചയ്ക്ക് 12ന് പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ വനം-ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ കെ.രാജു നിർവഹിക്കും. ഈ പരിപാടി കവർ ചെയ്യുന്നതിന് അങ്ങയുടെ സ്ഥാപനത്തിന്റെ പ്രതിനിധിയെ അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.***

***ജില്ലാ ഇൻഫർമേഷൻ ഓഫീസർ***

**ലൈഫ് മിഷൻ കുടുംബസംഗമം ജില്ലാതല ഉദ്ഘാടനവും**
**വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനവും ഇന്ന്(20)**

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ പാർപ്പിട സുരക്ഷാപദ്ധതിയായ ലൈഫ് മിഷന്റെ ഒന്നും ര ും ഘട്ടത്തിന്റ ഭാഗമായി പൂർത്തീകരിച്ച വീടുകളുടെ പ്രഖ്യാപനവും ഗുണഭോക്തൃ പ്രതിനിധികളുടെയും ജനപ്രതിനിധികളുടെയും സംഗമത്തിന്റെ ജില്ലാതല ഉദ്ഘാടനവും ഇന്ന്(20) നടക്കും. പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 12ന് നടക്കുന്ന ചടങ്ങിൽ ജില്ലാതല ഉദ്ഘാടനവും വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനവും വനം-ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ കെ.രാജു നിർവഹിക്കും. കെ.യു ജനീഷ് കുമാർ

എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും.

ചടങ്ങിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി സ്വാഗതം ആശംസിക്കുകയും ജില്ലാ കളക്ടർ പി.ബി.നൂഹ് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്യും. ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും വാർഡുകളിൽ നിന്നും ഓരോ ഗുണഭോക്താവ് വീതവും മുഴുവൻ ജനപ്രതിനിധികളും സംഗമത്തിൽ സംബന്ധിക്കും. കൂടാതെ തദ്ദേശ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരും ലൈഫ് മിഷൻ നിർവഹണ ഉദ്യാഗസ്ഥരും വിവിധ വകുപ്പ് ജീവനക്കാരും പങ്കെടുക്കും.

ചടങ്ങിൽ ലൈഫ് മിഷൻ ഒന്നാംഘട്ടത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള പുരസ്കാരം മാത്യു ടി തോമസ് എംഎൽഎ നൽകും. ലൈഫ് മിഷൻ ര ാം ഘട്ടത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള പുരസ്കാരം രാജു ഏബ്രഹാം എം എൽ എ നൽകും. ലൈഫ് പദ്ധതി ഒന്നാംഘട്ടത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള പുരസ്കാര സമർപ്പണം ചിറ്റയം ഗോപകുമാർ എം എൽ എ നിർവഹിക്കും. മികച്ച സേവനം കാഴ്ചവച്ച നിർവഹണ ഉദ്യോഗസ്ഥർക്കുള്ള പുരസ്കാര സമർപ്പണം വീണാജോർജ് എം എൽ എ നിർവഹിക്കും. മികച്ച പ്രകടനം കാഴ്ചവച്ച നഗരസഭയ്ക്കുള്ള പുരസ്കാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് യു.വി ജോസ് നൽകും. കുടുംബശ്രീയുടെ രംഗശ്രീ പ്രവർത്തകരുടെ നാടകവും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഫോട്ടോ പ്രദർശനവും ഉ ാകും.

ജില്ലാതലസംഗമത്തിന് മുന്നോടിയായി എട്ട് ബ്ലോക്കുകളും നാലു നഗരസഭകളും കേന്ദ്രീകരിച്ച് വിപുലമായ കുടുംബസംഗമവും സേവനവകുപ്പുകളുടെ നേതൃത്വത്തിൽ അദാലത്തുകളും നടത്തിയിരുന്നു. (പിഎൻപി 339/2020)

**ലൈഫ്മിഷൻ: പത്തനംതിട്ട ജില്ല സംസ്ഥാനതലത്തിൽ ര ാം സ്ഥാനത്ത്**

ലൈഫ്മിഷൻ പദ്ധതി നിർവഹണത്തിന്റെ ആദ്യ ര ുഘട്ടങ്ങളിൽ പത്തനംതിട്ട ജില്ല സംസ്ഥാനതലത്തിൽ ര ാം സ്ഥാനത്ത്. ലൈഫ് മിഷന്റെ ഒന്നാംഘട്ടമായി ജില്ലയിലെ 1188 വീടുകൾ പൂർത്തീകരിക്കാനുള്ളതിൽ 1169 വീടുകൾ പൂർത്തീകരിച്ചു (98.4ശതമാനം ) . ലൈഫ് മിഷൻ ര ാം ഘട്ടമായി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകുന്ന പദ്ധതിയാണ് ഏറ്റെടുത്തത്. 1905 വീടുകളുടെ നിർമാണം ആരംഭിക്കുകയും 1551 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു(78 ശതമാനം). നഗരസഭകൾ മുഖേന നടപ്പാക്കുന്ന പി.എം.എ.വൈ - ലൈഫ് പദ്ധതിയിലൂടെ 670 വീടുകൾ പൂർത്തീകരിച്ചു. ബ്ലോക്ക് പഞ്ചായത്തുകളിലൂടെ നടപ്പാക്കുന്ന പി.എം.എ.വൈ - ലൈഫ് (ഗ്രാമീൺ) പദ്ധതിയിലൂടെ 619 വീടുകൾ പൂർത്തീകരിച്ചു. മേൽക്കൂര വാർത്തുകഴിഞ്ഞ ആയിരത്തോളം വീടുകൾ ജനുവരി 31നകം പൂർത്തീകരിക്കും.

ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഭൂമിയും വീടും ഇല്ലാത്തവരുടെ പുനരധിവാസമാണ് നടപ്പാക്കുന്നത്. ജില്ലയിൽ ഇപ്രകാരം 2110 ഗുണഭോക്താക്കളെ ക ത്തിയിട്ടു ്. ആധുനിക രീതിയിലുള്ള ഭവന സമുച്ചയങ്ങൾ നിർമിച്ച് ഇവരെ പുനരധിവസിപ്പിക്കാനാണ് മിഷൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് ആദ്യമായി നിർമിക്കുന്ന 14 ഭവന സമുച്ചയങ്ങളിൽ ഒന്ന് പന്തളം നഗരസഭയിലാണ്. ആറു കോടിരൂപയിൽ അധികം ചെലവുവരുന്ന ഈ സമുച്ചയത്തിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. ശിലാസ്ഥാപനം ഉടൻ നടത്തും. ഏഴംകുളം, കടമ്പനാട്, മെഴുവേലി എന്നിവിടങ്ങളിൽ ഭവന സമുച്ചയം നിർമിക്കുന്നതിന് സർക്കാരിന്റെ ഭരണാനുമതി ലഭിച്ചു. പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതു കൂടാതെ കല്ലട ഇറിഗേഷൻ പ്രോജക്ടുകളുടെ ഒൻപതു സ്ഥലങ്ങളും പമ്പാ ഇറിഗേഷൻ

പ്രോജക്റ്റുകളുടെ ആറു സ്ഥലങ്ങളും റവന്യൂ വകുപ്പ് വക ഒൻപത് സ്ഥലങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ ഏക സ്ഥലവും പൊതുമരാമത്ത് വകുപ്പ് വക ര ് സ്ഥലങ്ങളും കൂടി ഭവന സമുച്ചയത്തിനായി ക ത്തിയിട്ടു ന്ന് ലൈഫ് ജില്ലാ മിഷൻ ചെയർപേഴ്സൺ കൂടിയായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി അറിയിച്ചു. (പിഎൻപി 340/2020)

**പോളിയോ മുക്ത ലോകത്തിനായി പ്രവർത്തിക്കണം:**
**അഡ്വ.കെ.യു. ജനീഷ് കുമാർ എംഎൽഎ**

പോളിയോ മുക്ത ലോകത്തിനായി ഒരുമിച്ചു പ്രവർത്തിക്കണമെന്ന് അഡ്വ.കെ.യു. ജനീഷ് കുമാർ എംഎൽഎ പറഞ്ഞു. കോന്നി താലൂക്ക് ആശുപത്രിയിൽ പൾസ് പോളിയോ ജില്ലാതല ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അയൽരാജ്യങ്ങളിൽ പോളിയോ രോഗം നിലനിൽക്കുന്നതിനാൽ നമുക്ക് പ്രതിരോധ പ്രവർത്തനങ്ങൾ തുടരേ തു ്. ഭാരതത്തെ 2014ൽ തന്നെ പോളിയോ മുക്തമാക്കാൻ നമുക്ക് കഴിഞ്ഞിരുന്നെന്നും എംഎൽഎ പറഞ്ഞു.

കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി കെ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ എൽ ഷീജ മുഖ്യ പ്രഭാഷണം നടത്തി. എൻഎച്ച്എം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എബി സുഷൻ പോളിയോ സന്ദേശം നൽകി. ജില്ലാ പഞ്ചായത്ത് അംഗം ബിനിലാൽ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ റോജി എബ്രഹാം, ആർസിഎച്ച് ഓഫീസർ ഡോ. സന്തോഷ് കുമാർ, മാസ് മീഡിയ ഓഫീസർമാരായ ടി കെ അശോക് കുമാർ, സുനിൽ കുമാർ, എംസിഎച്ച് ഓഫീസർ ഉഷ ദേവി, ഹെൽത്ത് സൂപ്പർവൈസർ സി.വി സാജൻ, വ്യാപാരി വ്യവസായി സമിതി അംഗങ്ങളായ മാണിക്യം കോന്നി, തോമസ് കാലായിൽ, ടി. രാജഗോപാൽ, ഡി അനിൽകുമാർ, കോന്നി താലൂക്ക് ആശുപത്രി സൂപ്ര ് ഡോ.ഗ്രേസ് മറിയം ജോർജ് എന്നിവർ പ്രസംഗിച്ചു.

(പിഎൻപി 341/2020)

**ഫോട്ടോ അടിക്കുറിപ്പ്**

3) കോന്നി താലൂക്ക് ആശുപത്രിയിൽ പൾസ് പോളിയോ ജില്ലാതല ഉദ്ഘാടനം അഡ്വ.കെ.യു. ജനീഷ് കുമാർ എംഎൽഎ നിർവഹിക്കുന്നു.




.